ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഇവിടെ പറഞ്ഞത് ആനിക്കാട് ശുദ്ധജല വിതരണ പദ്ധതിയെ സംബന്ധിച്ചാണ്. ആനിക്കാട് ശുദ്ധജലവിതരണ പദ്ധതിയുടെ ഗ്യാലറിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ആനിക്കാട്, പെരുമ്പട്ടി എന്നീ പഞ്ചായത്തുകളുടെ ഓവർ ഹെഡ്ഡ് ടാങ്കിന്റെ വർക്കിന് ലഭിച്ച ടെണ്ടറുകളുടെ റേറ്റ് ഇതര ജില്ലകളിലേതിനെ അപേക്ഷിച്ച് വളരെ കൂടുതലായതുകൊണ്ട് റീ ടെണ്ടറിന് വേണ്ട നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. ഈ മാസത്തെ അതോറിറ്റി മീറ്റിംഗിൽ മേൽപ്പറഞ്ഞ രണ്ട് റീ ടെണ്ടറുകളുടേയും അംഗീകാരം പരിഗണനയിൽ വരും. പെരുമ്പട്ടി പദ്ധതിയുടെ പമ്പുസെറ്റും മറ്റും സ്ഥാപിക്കുന്നതിന് അംഗീകാരം കൊടുത്തുകഴിഞ്ഞു, അതിന്റെ വർക്ക് ഓർഡർ ഉടൻതന്നെ കൊടുക്കുന്നതാണ്. എം. എൽ. എ. സ്കീമായ കോട്ടാങ്ങൽ പദ്ധതിക്ക് നിർദ്ദിഷ്ട നോൺ-കവേർഡ് ഹാബിറ്റേഷൻ ഇല്ലാത്തതുകൊണ്ട് പൂർണ്ണമായ അംഗീകാരം തേടുന്നില്ല. എങ്കിലും സാമ്പത്തിക ലഭ്യത അനുസരിച്ച് മറ്റ് ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി എടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കല്ലൂപ്പാറ സ്കീമിലെ ജലവിതാനം താഴ്ന്നതുകൊണ്ട് അടുത്തുള്ള കയത്തിൽനിന്ന് ഗ്യാലറിയിലേയ്ക്ക് വെള്ളം പമ്പ് ചെയ്ത് വിതരണം നടത്തിവരുന്നു. ഈ സ്കീമിനുവേണ്ടി കഴിഞ്ഞമാസം പുതിയ പമ്പുസെറ്റ് സ്ഥാപിച്ചുകഴിഞ്ഞു. മല്ലപ്പള്ളി സ്കീമിനും പുതിയ പമ്പുസെറ്റ് സ്ഥാപിച്ചു. വാൽവുകൾ നിയന്ത്രിച്ച് ഒന്നിടവിട്ട ദിവസങ്ങളിൽ ജലവിതരണം എല്ലാ മേഖലയിലും നടത്തിവരുന്നുണ്ട്. ഇവിടെ ശ്രീ. പുതുശ്ശേരി സൂചിപ്പിച്ച മറ്റ് കാര്യങ്ങളെ സംബന്ധിച്ചും ഡിപ്പാർട്ടുമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(31) പുതിയതായി നിർമ്മിച്ച വാർഡ് തുറന്നു പ്രവർത്തിപ്പിക്കണമെന്ന ആവശ്യം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, കോട്ടയ്ക്കൽ ആയുർവേദ കോളേജിനോടനുബന്ധിച്ച് നിർമ്മാണം പൂർത്തിയാക്കിയ 50 ബെഡ്ഡുകളുള്ള വാർഡ് തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആയുർവേദ ചികിൽസയ്ക്ക് പ്രാധാന്യവും പ്രസക്തിയും വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടമാണിത്. അതുകൊണ്ട് ആയുർവേദ ചികിൽസാ മേഖലയിലും വിദ്യാഭ്യാസരംഗത്തും കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. ആയുർവേദ വിദ്യാഭ്യാസരംഗത്ത് ഡിപ്പാർട്ടുമെന്റൽ സിസ്റ്റം നടപ്പാക്കാനും ആയുർവേദ ചികിൽസാമേഖലയിൽ ശ്രീചിത്രാ മെഡിക്കൽ സെന്ററിന്റെ സ്റ്റാറ്റസ് ഉള്ള ഒരു ചികിൽസാകേന്ദ്രം കോട്ടയ്ക്കൽ സ്ഥാപിക്കാനും നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, കോട്ടയ്ക്കൽ വൈദ്യരത്നം പി. എസ്. വാര്യർ ആയുർവേദ കോളേജിന് സ്വന്തമായി ആശുപത്രി ആവശ്യമാണ്. അതിന് 50 കിടക്കകളുള്ള ആശുപത്രിക്കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഈ കെട്ടിടം ഫംഗ്ഷണൽ ആക്കുന്നതിന് അധികമായി സ്റ്റാഫിനെ ആവശ്യമുണ്ട്. അതിനുവേണ്ടി ധനകാര്യ വകുപ്പിനെ അപ്രോച്ച് ചെയ്തിരിക്കുകയാണ്. അവരുടെ ക്ലിയറൻസ് കിട്ടിക്കഴിഞ്ഞാൽ നിയമനം നടത്തുന്നതാണ്. സർ, ഒരു കാര്യം

LIBRARY ARCHIVES Kerala Legislative Assembly

വളരെ അഭിമാനത്തോടുകൂടി പറയട്ടെ, വർഷങ്ങളായി കേരളത്തിലെ ആയുർവേദ വിദ്യാഭ്യാസ രംഗത്ത് നിലനിന്നിരുന്ന അപാകതകൾ ഒഴിവാക്കിക്കൊണ്ട് ഡിപ്പാർട്ട്മെൻറൽ സിസ്റ്റം നടപ്പിലാക്കാനുള്ള നയപരമായ തീരുമാനം ഇന്നലത്തെ മന്ത്രിസഭായോഗം എടുത്തിരിക്കുകയാണ്. അത് എടുത്തുപറയാവുന്ന ഒരു നേട്ടമാണ്.

(32) കുട്ടികളുടെ വാർഡ് തുറന്നു പ്രവർത്തിപ്പിക്കണമെന്നതുസംബന്ധിച്ച്

ശ്രീ കെ. കെ. ബാലകൃഷ്ണൻ: വൈക്കം താലൂക്ക് ആശുപത്രിയിൽ കുട്ടികൾക്കുള്ള വാർഡ് അനുവദിക്കുന്നതിനുവേണ്ടി ഹോസ്പിറ്റൽ ഡെവലപ്മെൻറ് കമ്മിറ്റി 16 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച കെട്ടിടത്തിൻെറ ഔപചാരികമായ ഉൽഘാടനം കഴിഞ്ഞു എങ്കിലും അവിടെ സ്റ്റാഫിനെ നിയമിക്കാത്തതുകൊണ്ട് വാർഡിൻെറ പ്രവർത്തനം നടത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അടിയന്തിരമായി സ്റ്റാഫിനെ നിയമിച്ച് കുട്ടികളുടെ വാർഡ് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യ വകുപ്പ് മന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ബഹുമാനപ്പെട്ട ബാലകൃഷ്ണൻ മാസ്റ്ററുടെ ക്ഷണപ്രകാരം ഞാൻ തന്നെയാണ് ആ വാർഡിൻെറ ഔപചാരികമായ ഉൽഘാടനം നിർവ്വഹിച്ചത്. അവിടെ സ്റ്റാഫിനെ നിയമിക്കാം എന്നു അന്ന് ഞാൻ പറഞ്ഞിരുന്നു. അവിടെ ആവശ്യമായ സ്റ്റാഫിൻെറ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. സ്റ്റാഫ് നേഴ്സ്—7, നഴ്സിംഗ് അസിസ്റ്റൻറ്—3, ഡ്രൈവർ—1. വൈക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെൻറിൻെറ ബെഡ് സ്ട്രെങ്ത് 232-ൽ നിന്ന് 272 ആയി ഉയർത്താനും തീരുമാനിച്ചിട്ടുണ്ട്.

(33) ആലപ്പുഴ മെഡിക്കൽ കോളേജിൻെറ പിന്നോക്കാവസ്ഥ പരിഹരിക്കണമെന്ന ആവശ്യം

ശ്രീ. എം. മുരളി: സർ, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി ഇന്ന് വളരെ ശോചനീയമായ നിലയിലാണ്. വർഷങ്ങൾക്ക് മുൻപ് ആലപ്പുഴ ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജ് ആശുപത്രിയാക്കി മാറ്റുകയും അതേ സ്ഥലത്തുതന്നെ അതിൻെറ പ്രവർത്തനം തുടരുകയുമാണ് ചെയ്തത്. ആലപ്പുഴ മെഡിക്കൽ കോളേജിൻെറ പ്രയോജനം സാധാരണക്കാരായ രോഗികൾക്ക് ആതുര ശുശ്രൂഷാ രംഗത്ത് ലഭിക്കുന്നില്ല. അതുകൊണ്ട് ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനം സമയബന്ധിതമായി ഉറപ്പുവരുത്താനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിട സമുച്ചയത്തിൻെറ നിർമ്മാണ പ്രവർത്തനം ഔപചാരികമായി ഉൽഘാടനം ചെയ്തുകഴിഞ്ഞു. അതിനുവേണ്ടി 22.8 കോടിരൂപയുടെ പ്രത്യേക അനുമതി ഗവൺമെൻറ് നൽകികഴിഞ്ഞു. വർഷങ്ങളായി ആലപ്പുഴയിലെ ജനങ്ങളുടെ വലിയ ഒരു

LIBRARY ARCHIVES Kerala Legislative Assembly